(സി&ഡി) ഈ ഓഫീസിലേയ്ക്ക് പ്രത്യേകമായി സ്റ്റാഫിനെ നിയമിച്ചിട്ടില്ല. സെക്ഷനാഫീസിൽ നിലവിലുള്ള സ്റ്റാഫിന്റെ അപര്യാപ്തതമൂലമാണ് ഈ ഓഫീസിലേയ്ക്ക് സ്റ്റാഫിനെ ലഭ്യമാക്കാൻ കഴിയാതെപോയത്. കഴിയുന്നതും വേഗം സ്റ്റാഫിനെ നിയമിക്കുന്നതാണ്.

കക്കോടി ഇലക്ട്രിക്കൽ സെക്ഷൻ

106 (1773) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി ഇലക്ട്രിക്കൽ സെക്ഷൻ കോഴിക്കോട് സിറ്റി ഡിവിഷനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച സാദ്ധ്യതാ പഠനം പൂർത്തിയായോ ;

(ബി) പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമാകുന്ന മേൽ ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ച് ഉത്തരവുണ്ടാകുമോ ;

(സി) എങ്കിൽ കക്കോടി സെക്ഷൻ എന്നത്തേയ്ക്ക് സിറ്റി ഡിവിഷനിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സാധ്യതാ പഠനം പൂർത്തിയായിവരുന്നു.

(ബി&സി) സാധ്യതാ പഠനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുമ്പോൾ അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

വൈദ്യുതി ബോർഡിന് ആവശ്യമുള്ള ഉപകരണങ്ങളുടെ നിർമ്മാണം

107 (1774) ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ആവശ്യമുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന എത്ര യൂണിറ്റുകൾ സംസ്ഥാന വൈദ്യുതി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നു ;

(ബി) ഈ യൂണിറ്റുകളിൽ എന്തെല്ലാം ഉപകരണങ്ങളാണ് നിർമ്മിക്കുന്നത്;

(സി) ഇവിടെ ഉൽപ്പാദിപ്പിച്ച എന്തു തുകയ്ക്കുള്ള ഉപകരണങ്ങൾ കെട്ടികിടപ്പുണ്ട് ;

(ഡി) 1997-98, 1998-99, 1999-2000 ഇതുവരെയും എന്തു തുകയ്ക്കുള്ള ഉപകരണങ്ങൾ പുറത്തു നിന്നും വാങ്ങിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇവയിൽ സംസ്ഥാനത്തെ യൂണിറ്റുകളിൽ നിന്നോ സംസ്ഥാനത്തിന് പുറത്തുള്ള എസ്. എസ്. ഐ. യൂണിറ്റുകളിൽ നിന്നോ എന്തു തുകയ്ക്കു വീതമുള്ള ഉപകരണങ്ങൾ ഈ കാലത്ത് വാങ്ങിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പള്ളത്തെ സെൻട്രൽ മെക്കാനിക്കൽ ഡിവിഷൻ എന്ന ഒരു യൂണിറ്റ് ബോർഡിനു കീഴിൽ പ്രവർത്തിക്കുന്നു.

(ബി) വി. ക്രോസ് ഡാം, സ്റ്റേ റോഡ്-16 എം. എം., സ്റ്റേ റോഡ്- 20 എം.എം., പാക്കിംഗ് ക്ലാസ് എർത്ത് പൈപ്പ്, പോൾടോപ്പ്, ബ്രാക്കറ്റ് പൈപ്പ്, ഫിറ്റിംഗ് ഫോർ സ്ട്രീറ്റ് ലൈറ്റ്, ഫോർലൈൻ ക്രോസാം, ടൂ ലൈൻ ക്രോസാം മുതലായ സാധനങ്ങളാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്.

(സി) ഇവിടെ ഉൽപ്പാദിപ്പിച്ച എല്ലാ സാധനങ്ങൾക്കും വിവിധ ഡിസ്ട്രിബ്യൂഷൻ ചീഫ് എഞ്ചിനീയർമാർക്ക് അലോക്കേഷൻ കൊടുത്ത് ആവശ്യാനുസരണം ലിഫ്ട് ചെയ്യപ്പെട്ടശേഷം "അൺലിഫ്റ്റഡ്" ആയി കിടന്നിരുന്ന സാധനങ്ങൾ റീ അലോക്കേഷൻ കൊടുത്തു. ഇപ്പോൾ അവിടെ സാധനങ്ങൾ കെട്ടിക്കിടപ്പില്ല.

(ഡി) വിതരണമേഖലയ്ക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങിയതിന്റെ വില വിവരം താഴെ കൊടുക്കുന്നു.

1997-98 — 13 കോടി

1998-99 — 11 കോടി

1999-2000 — 7 കോടി

(ഇ)	കേരളത്തിനകത്തുനിന്നും വാങ്ങിയത്	കേരളത്തിനുപുറത്തുനിന്നും വാങ്ങിയത്
1997-98	8 കോടി	5 കോടി
1998-99	5 കോടി	6 കോടി
1999-2000	4 കോടി	3 കോടി

കെ. എസ്. ഇ. ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

108 (1775) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ഉണ്ടോ ;

(ബി) എങ്കിൽ എത്രപേർ ;

LIBRARY ARCHIVES Kerala Legislative Assembly